**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4802** **13-03-2023 - ൽ മറുപടിയ്ക്ക്**

**പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വാട്ടർ ചാർജ് വർദ്ധനവ് പൊതുടാപ്പുകൾക്ക് ഏത് രീതിയിലാണ് ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പഞ്ചായത്തു പ്രദേശത്തു ഒരു ടാപ്പിൽ കൂടി ഒരു ദിവസം ഒരു മിനുട്ടിൽ 5 ലിറ്റർ ജലം എന്ന കണക്കിൽ 8 മണിക്കൂർ വച്ച് ജലം വിതരണം ചെയ്യുന്നതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അപ്രകാരം ഒരു ദിവസം 2400 ലിറ്റർ (2.4 കിലോ ലിറ്റർ) വിതരണം ചെയ്യുന്ന എന്ന കണക്ക് പ്രകാരമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കോർപറേഷൻ / മുനിസിപ്പൽ പ്രദേശത്തെ ഒരു ടാപ്പിൽ കൂടി ഒരു മിനുട്ടിൽ 5 ലിറ്റർ ജലം എന്ന കണക്കിൽ ഒരു ദിവസം 12 മണിക്കൂർ വിതരണം ചെയ്യുന്ന എന്ന രീതിയിലാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം ഒരു ദിവസം 3600 ലിറ്റർ (3.6 കിലോ ലിറ്റർ) വിതരണം ചെയ്യുന്ന എന്ന കണക്ക് പ്രകാരമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.<br><br>അപ്രകാരം ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചപ്പോൾ പ്രതിവർഷം കോർപറേഷൻ/ മുനിസിപ്പാലിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 21,838.68 രൂപയും പഞ്ചായത്തുകളുടെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 14,559.12 രൂപയും എന്ന രീതിയിലാണ് ഈടാക്കുന്നത്. |
| (ബി) | പ്രസ്തുത ചാർജ് വർദ്ധനവിന്റെ ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുടാപ്പുകളുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്നു നടത്തുന്ന സംയുക്ത പരിശോധനയ്ക്കോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്കോ, ഡിസ്കണക്ഷൻ ഫീസ് ജല അതോറിറ്റിയ്ക്ക് ഒടുക്കിയാണ് പൊതു ടാപ്പുകളുടെ എണ്ണം കുറയ്ക്കുവാനുള്ള നടപടികളിലേയ്ക്ക് കടക്കുന്നത്. |

സെക്ഷൻ ഓഫീസർ